# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 ഡിസംബർ 15**

---

- *ദക്ഷിണേന്ത്യയിൽ കോഴ്സ് തുടങ്ങുന്ന ആദ്യ സർവകലാശാല*
- *ശാസ്ത്ര-സാങ്കേതിക മേഖലകളിൽ തൊഴിൽ സാധ്യത*

## ഡ്രോൺ സാങ്കേതിക വിദ്യ പഠിച്ച് ലൈസൻസ് നേടാം; സർട്ടിഫിക്കറ്റ് കോഴ്സുമായി എം.ജി സർവകലാശാല

ഡ്രോൺ സാങ്കേതിക വിദ്യ ശാസ്ത്രീയമായി പഠിച്ച് ലൈസൻസ് നേടാൻ അവസരമൊരുക്കി എം.ജി. സർവകലാശാല. ശാസ്ത്ര-സാങ്കേതിക മേഖലകളിൽ തൊഴിൽ നേടാൻ ഉപകരിക്കുന്ന റെഗുലർ സർട്ടിഫിക്കറ്റ് കോഴ്സിന് ജനുവരിയിൽ തുടക്കം കുറിക്കും.

സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻറ് ജി.ഐ.എസാണ് റിമാട്ട്ലി പൈലറ്റഡ് എയർക്രാഫ്റ്റ് സിസ്റ്റത്തിൽ(ആർ.പി.എ.എസ്)പന്ത്രണ്ട് ആഴ്ച്ച നീണ്ടു നിൽക്കുന്ന കോഴ്സ് നടത്തുന്നത്.

മലേഷ്യ ആസ്ഥാനമായുള്ള എസ്.ജി ഗ്രൂപ്പിൻറെ ഉപസ്ഥാപനമായ ഏഷ്യാ സോഫ്റ്റ് ലാബ് പ്രൈവറ്റ് ലിമിറ്റഡിൻറെ സാങ്കേതിക സഹായത്തോടെ നടത്തുന്ന കോഴ്സിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർക്കാണ് അവസരം. പ്രായം 18നും 60നും മധ്യേ.

കൃഷി, ഡാറ്റാ പ്രോസസിംഗ്, ത്രീഡി ഇമേജിംഗ്, മൈനിംഗ്, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം, സിനിമ തുടങ്ങിയ മേഖലകളിൽ ഡ്രോണിൻറെ ഉപയോഗം, ഡ്രോൺ റേസിംഗ്, ഡ്രോൺ ഫ്ളൈറ്റ് പ്ലാനിംഗ് ആൻറ് ഓപ്പറേഷൻസ്, ഡ്രോൺ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സിലബസ്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻറെ ഡ്രോൺ പൈലറ്റ് ലൈസൻസും നൽകും. ദക്ഷിണേന്ത്യയിൽ

ആദ്യമായാണ് ഒരു സർവകലാശാലയിൽ ഡ്രോൺ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട റെഗുലർ കോഴ്സ് ആരംഭിക്കുന്നതെന്ന് സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ് ഡയറക്ടർ ഡോ. മഹേഷ് മോഹൻ പറഞ്ഞു.

വിശദ വിവരങ്ങളും അപേക്ഷാ ഫോറവും https://ses.mgu.ac.in, https://asiasoftlab.in/ എന്നീ ലിങ്കുകളിൽ ലഭ്യമാണ്. ജനുവരി അഞ്ചുവരെ അപേക്ഷ സമർപ്പിക്കാം. ഫോൺ- 7012147575 , 9395346446, 9446767451. ഇമെയിൽ-uavsesmgu@gmail.com

നാഷണൽ നാചറൽ റിസോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിൻറെ ഭാഗമായി ഐ.എസ്.ആർ.ഒയുടെ നാഷണൽ റിമോട്ട് സെൻസിംഗ് സെൻററിൻറെ സഹകരണത്തോടെ 2003ലാണ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡോ. ആർ സതീഷ് സെൻറർ പ്രവർത്തനമാരംഭിച്ചത്.

(പി.ആർ.ഒ/39/1453/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബിവോക്(2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- ന്യൂ സ്കീം) പരീക്ഷകൾക്ക് ഡിസംബർ 20 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ഡിസംബർ 21നും സൂപ്പർ ഫൈനോടുകൂടി 22നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1454/2023)

## പ്രൈവറ്റ് രജിസ്ട്രേഷൻ; 31 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഡിസംബർ 30 വരെ നീട്ടി. ഫൈനോടുകൂടി ഡിസംബർ 31 മുതൽ ജനുവരി 15 വരെയും സൂപ്പർ ഫൈനോടെ ഡിസംബർ 16 മുതൽ ജനുവരി 31വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1455/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്( പുതിയ സ്കീം 2021 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- ഒക്ടോബർ 2023) ബിഎ മ്യൂസിക് വീണ(കോർ ആൻ്റ് ഓപ്പൺ കോഴ്സ്)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ

ഡിസംബർ 20,21 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1456/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**